LIBRARY ARCHIVES Kerala Legislative Assembly

ഓരോ സാമ്പത്തിക വർഷവും ലക്ഷ്യമിട്ട റവന്യൂ വരുമാനം

111 (457) ശ്രീ. കെ. ദാസൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) ഈ സർക്കാറിന്റെ കാലത്ത് ഓരോ സാമ്പത്തിക വർഷവും ലക്ഷ്യമിട്ട റവന്യൂ വരുമാനം എത്ര ; അതിൽ നികുതി വരുമാനം എത്ര ; നികുതിയേതര വരുമാനം എത്ര ;

(ബി) യഥാർത്ഥത്തിൽ ലക്ഷ്യമിട്ടതിന്റെ എത്ര ശതമാനം റവന്യൂ വരുമാനം ഓരോ വർഷവും ലഭിച്ചു ; ഇക എത്ര വീതം ; അതിൽ നികുതി വരുമാനം എത്ര ; നികുതിയേതര വരുമാനം എത്ര ;

(സി) പിന്നിട്ട വർഷങ്ങളിലെ റവന്യൂ വരുമാനത്തെ അടിസ്ഥാനമാക്കിട്ടാണോ 2015-16 വർഷത്തെ ലക്ഷ്യം കണക്കാക്കിയിട്ടുള്ളത് ; വിശദമാക്കാമോ ?

ഉത്തരം

(എ&ബി) ഈ സർക്കാരിന്റെ കാലയളവിലെ ഓരോ സാമ്പത്തിക വർഷവും റവന്യൂവരുമാനത്തിലും, നികുതിയിനത്തിലും നികുതിയേതരയിനത്തിലും ലക്ഷ്യമിട്ട ഇകയുടെയും യഥാർത്ഥത്തിൽ ലഭിച്ച ഇകയുടെയും വിശദാംശം അനുബന്ധമായി ചേർക്കുന്നു.*

(സി) വിവിധ വകുപ്പു തലവന്മാർ ലഭ്യമാക്കുന്ന എസ്റ്റിമേറ്റുകളുടെയും മുൻ സാമ്പത്തിക വർഷങ്ങളിലെ യഥാർത്ഥ കണക്കുകളുടെയും നികുതി നികുതിയേതര ഘടനകളിൽ കാലാകാലങ്ങളിൽ വരുത്തുന്ന പരിഷ്കാരങ്ങളുടെയും അടിസ്ഥാനത്തിലാണ് റവന്യൂവരുമാന ലക്ഷ്യം നിശ്ചയിക്കുന്നത്. 2015-16 സാമ്പത്തിക വർഷവും ഈ രീതിയാണ് അവലംബിച്ചിട്ടുള്ളത്.

ഇക വകയിരുത്താതെ ഭരണാനുമതി നൽകിയ ജോലികൾ

112 (458) ശ്രീ. പുരുഷൻ കടലുണ്ടി : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) നിലവിലുള്ള ചട്ടമനുസരിച്ച് പൊതുമരാമത്ത് ജോലികൾക്ക് ബഡ്ജറ്റിൽ വകയിരുത്തിയിട്ടുള്ള ഇകയുടെ എത്ര ഇരട്ടി ഇകയ്ക്ക് വരെ ഭരണാനുമതി നല്കാവുന്നതാണെന്ന് അറിയിക്കുമോ ;

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.